പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സ്റ്റിയറിംഗ് കമ്മിറ്റിയിൽ ജില്ലാ കളക്ടറേയും ബന്ധപ്പെട്ട എം.എൽ.എ. മാരേയും പ്രത്യേകം ഉൾക്കൊള്ളിക്കുന്നതാണ്. അപ്പോൾ അവർക്ക് അവരുടേതായ നിർദ്ദേശങ്ങൾ കൂടി കൊടുക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതകൾ കൂടി ഉൾക്കൊണ്ടുകൊണ്ട് ഈ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

5. തളിപ്പറമ്പിൽ ദേവസ്യയുടേയും ഭാര്യയുടേയും ആത്മഹത്യ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വളരെ പ്രധാനപ്പെട്ട ഒരു സംഭവം ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തളിപ്പറമ്പിൽ, ആര്യാമ്പലം എന്നുപറയുന്ന സ്ഥലത്ത് കഴിഞ്ഞ ഒരു വർഷത്തിലധികമായി താമസിച്ചുകൊണ്ടിരിക്കുന്ന എ. എ. ദേവസ്യ, ഭാര്യ വൽസ, അവരുടെ കുട്ടി പ്രിൻസ്, ഈ മൂന്നുപേർ അടങ്ങുന്ന ചെറിയ കുടുംബം വളരെ ദാരിദ്ര്യത്തിൽ ജീവിച്ചിരുന്ന ഒരു കുടുംബമാണ്. ട്യൂഷൻ നടത്തി കിട്ടുന്ന വരുമാനം കൊണ്ടു ജീവിച്ചിരുന്ന കുടുംബമാണ്. ഒരു വാടകവീട്ടിൽ ആയിരുന്നു താമസം, രണ്ടു മൂന്നു മാസത്തെ വാടക കൂടിശ്ശികകൊടുക്കാനുണ്ടെന്ന പേരിൽ കാട്ടിൽകൂട്ടത്തിൽ മുസ്തഫയുടെ വകയായിരുന്ന വീട് ഒഴിപ്പിക്കാൻ വേണ്ടി നിരന്തരമായിട്ട് ശ്രമങ്ങൾ നടത്തുകയുണ്ടായി. 1,300 രൂപയായിരുന്നു ഒരു മാസത്തെ വാടകയായിട്ട് കൊടുക്കാനുണ്ടായിരുന്നത്. അന്ന് റസീപ്റ്റ് കൊടുക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. അങ്ങനെ റസീപ്റ്റ് കിട്ടിയാൽ മാത്രമേ വാടക തരാൻ സാധിക്കൂ എന്ന് വാശിപിടിക്കുകയും അവസാനം പോലീസ് കേസ് എടുക്കുകയും നാലാം തീയതി രാവിലെ ഈ പ്രശ്നം സംസാരിക്കുന്നതിന് വേണ്ടി ഡി.വൈ.എസ്.പി. തന്നെ എല്ലാപേരെയും വിളിച്ച് ചേർക്കാനിരിക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിൽ, വേറെ പ്രശ്നങ്ങളൊന്നുമില്ലാതെ അന്നു രാത്രി വീട്ടിലേക്കുവരുമ്പോൾ സൈദ് നഗറിൽ വച്ച് ആ മനുഷ്യനെ റഷീദ്, ഹരീഷ്, ശിഖാബ്, അൻവർ, സഹീർ തുടങ്ങിയിട്ടുള്ള ആളുകൾ ചേർന്ന് മർദ്ദിക്കുകയുണ്ടായി. അവിടെനിന്ന് രക്ഷപ്പെട്ട് വീട്ടിലെത്തി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ നേരത്തെ പൂണ്ടിക്കാണിച്ച ആളുകളും പത്തുപതിനഞ്ച് ആളുകളും കൂടി ആ വീട്ടിലേക്കു കടന്നുചെന്ന് "നിങ്ങൾ ഇപ്പോൾത്തന്നെ വീട് ഒഴിയണം ഇല്ലെങ്കിൽ എല്ലാത്തിനേയും ചുട്ടുകൊല്ലുമെന്ന്" ഭീഷണിപ്പെടുത്തി അവരെ ഒഴിപ്പിക്കാൻ വേണ്ടി ശ്രമം നടത്തി. ചുറ്റുവട്ടത്തുള്ള ആളുകൾ ചേർന്ന് "നിങ്ങളിപ്പോൾ ഈ രാത്രിയിൽ ഒഴിപ്പിക്കാൻവേണ്ടി പുറപ്പെടേണ്ടതില്ല. രാവിലെ ഡി. വൈ.എസ്.പി. വിളിച്ചിട്ടുണ്ടല്ലോ ആ പ്രശ്നം പരിഹരിക്കാൻ വേണ്ടിയിട്ടാണല്ലോ ശ്രമിക്കുന്നത്" എന്നുപറഞ്ഞു. അങ്ങനെ സംഭവം പറഞ്ഞുതീർക്കുന്നതിനുവേണ്ടി ശ്രമിച്ചവരെയെല്ലാം ഭീഷണിപ്പെടുത്തി ഓടിക്കുകയും മാളത്തിൽ നിന്ന് എലിയെ പുകയിട്ട് പുറത്തേക്ക് ചാടിക്കുന്നതുപോലെ ഈ പാവപ്പെട്ട മനുഷ്യനെ അകത്തുനിന്ന് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. പുറത്തുപോകാനും പറ്റില്ല അപമാനം സഹിക്കാനും പറ്റില്ല എന്ന സ്ഥിതി വന്നപ്പോൾ ഞാൻ ഇപ്പോൾ വരാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ട് വാതിൽ അടച്ച് രണ്ടു മുറികളിലായി ഈ എ. എ. ദേവസ്യ 52 വയസ്സ്, ഭാര്യ വത്സ ഈ രണ്ടുപേരും ഇവരുടെ മുറികളിൽ ആത്മഹത്യ ചെയ്യുന്ന സ്ഥിതിയുണ്ടായി. കുട്ടി നിലവിളിക്കുകയും കരയുകയും ചെയ്തപ്പോൾ, ഒരു കുരുക്ക് ഇട്ടുവച്ചിരുന്നു. ഞാൻ അവിടെ പോയി കണ്ടതാണ്. ആ കുരുക്ക് കുട്ടിയെ കൊല്ലാൻ വേണ്ടിയാണ്. ആ കുട്ടി രക്ഷപ്പെട്ടു. കാരണം കുട്ടി നിലവിളിച്ചപ്പോൾ ഇവർ രണ്ടാളും വെപ്രാളത്തിൽ ചാകുകയും കുട്ടി രക്ഷപ്പെടുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. നാട്ടുകാരെല്ലാം ചേർന്ന്— പുറത്തുനിൽക്കുന്ന ഗുണ്ടകൾ ഉൾപ്പെടെ —എല്ലാപേരും ചേർന്ന് വാതിൽ പൊളിച്ച് ഉള്ളിൽക്കയറി നോക്കുമ്പോൾ ഈ കുട്ടി ആടിക്കൊണ്ടിരിക്കുന്ന അമ്മയുടെ കാല് രണ്ടുംപിടിച്ച് അമ്മയോട് 'അമ്മേ ആടല്ലേ അവിടെയിരിക്ക്' എന്നുപറഞ്ഞുകൊണ്ട് വീശിക്കൊടുക്കുകയാണ്. നാലു വയസ്സുള്ള ഈ കുട്ടി അനാഥമായിരിക്കുകയാണ്. ആ കുട്ടിയെ പട്ടുവത്തെ സിസ്റ്റർമാർ കൊണ്ടുപോയിരിക്കുകയാണ്. വളരെയധികം ദയനീയമായ സാഹചര്യമാണുണ്ടായത് എന്നുപറഞ്ഞാൽ ആ മനുഷ്യരെ ഭീഷണിപ്പെടുത്തി കൊല്ലുകയാണ് ചെയ്തിട്ടുള്ളത്. കൊലക്കുറ്റത്തിന് കേസ് എടുക്കണമെന്ന് ഞാൻ അപ്പോൾ എസ്.പി.യെ വിളിച്ചുപറഞ്ഞതാണ്. പക്ഷെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ക്രിമിലുകളെ സംരക്ഷിക്കാൻ കൂട്ടുനിൽക്കുന്ന ഡി. വൈ. എസ്. പി. യാണ്. ഉള്ളത്. എസ്.പി.യോട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പക്ഷെ കർശനമായ നിലപാട് ഒന്നും സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുന്നില്ലായെങ്കിൽ, ആഭ്യന്തര വകുപ്പ് ഇടപെടുന്നില്ലായെങ്കിൽ, ആർക്കും എവിടെയും എന്തും ചെയ്യാം, എങ്ങനെ ചെയ്താലും അതൊന്നും ആരും ചോദിക്കാനില്ലെന്ന നിലവരും. ഈ ആളുകളെ ശരിക്കും അറിയാം 9 മണിക്കാണ് സംഭവം. ആളുകൾ നോക്കിനിൽക്കുകയായിരുന്നു. അവരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ് എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ആ കുട്ടി അനാഥമായിരിക്കുകയാണ്. ആ കുട്ടിയെ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം ഇതിനുമുമ്പുതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിരുന്നു. കഴിഞ്ഞ ദിവസം ഞാൻ തളിപ്പറമ്പിൽ ഉണ്ടായിരുന്ന സമയത്ത് വിശദാംശങ്ങളെല്ലാം മനസ്സിലാക്കുകയും ചെയ്തു. വളരെ നിർഭാഗ്യകരമായ സംഭവമാണുണ്ടായത്. രണ്ടുപേർ ആത്മഹത്യ ചെയ്യാൻ ഇടയായ സാഹചര്യത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കുറ്റക്കാരുടെ പേരിൽ നിയമപരമായ നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും. ഇതിൽ വളരെ പ്രധാനപ്പെട്ട കാര്യം 4 വയസ്സായ കുട്ടിയുടെ ഭാവിയെ സംബന്ധിച്ചുള്ളതാണ്. പട്ടുവം സ്നേഹനികേതനിലാണ് ഇപ്പോൾ ആ കുട്ടിയുള്ളത്. ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.-യോട് അന്വേഷിച്ച് കുട്ടിയുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. അതോടൊപ്പം ബഹുമാനപ്പെട്ട മെമ്പറും ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. ഈ കുട്ടിയെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് എന്തൊക്കെ ചെയ്യാൻ പറ്റുമെന്നുള്ളത് സംബന്ധിച്ച് റിപ്പോർട്ട് ചോദിച്ചിരിക്കുകയാണ്. ആ കുട്ടിയെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുപറയാനുംകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly